032:1M78:23
F5

MUL
037834

Ganapathi

ശ്രീ

# ഗണപതി

ഗ്രന്ഥകൎത്താ: Vallathol

വള്ളത്തോൾ

(പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്ന്.)

൪—ാംപതിപ്പ്. 4th ed


കോപ്പി ൧൦൦൦

അക്ഷരരത്നപ്രകാശിക അച്ചുകൂടം

കുന്നംകുളം.

൧൧൦൦/1925

3 as

വില ൩—ണ


ഗ്രന്ഥകൎത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം

വ്യാജനിൎമ്മിതമായിരിക്കും

25822

३७८२५

032 : 1M78:23

F5

ഒന്നാംപതിപ്പിന്റെ

# മുഖവുര

---

എല്ലാം മംഗളകർമ്മങ്ങൾക്കും ആദ്യത്തിൽ ഒരു "ഗണപതിപൂജ" അത്യാവശ്യമാണെന്നു വെച്ചിട്ടുണ്ടല്ലോ. പുസ്തകങ്ങൾക്കു മുഖവുരയും ഇപ്പോൾ ഏകദേശം ആ കൂട്ടത്തിൽ തന്നെയായിരിക്കുന്നു. എന്നാൽപ്രകൃതത്തിൽ അതു രണ്ടുംകൂടി ഒന്നായിത്തന്നെ കഴിയുന്നതാണ്.

'ഗണപതി'യുടെ മാഹാത്മ്യം വെളിപ്പെടുത്താൻ ഇവിടെ ഒരു ശ്രമവും ചെയ്യേണ്ടതായിട്ടില്ല. എങ്കിലും, അലങ്കാരനിഷ്കർഷകൂടാതെ സൃഷ്ടിയിലുള്ള സൌഷ്ഠവവും രസപൂർത്തിയുമുള്ള ഒരു കൃതി കണ്ടാൽകൊള്ളാമെന്നുള്ള എന്റെ പ്രാർത്ഥനയുടെ ഫലമായിട്ടാണു ഈ 'ഗണപതി' അവതരിച്ചിരിക്കുന്നതെന്നു മാത്രം എനിക്കൊന്നു പറയാനുണ്ട്. ഈ ഒരു കാര്യം സവിശേഷം സാധിച്ചിട്ടുണ്ടെന്നുള്ളതിലേയ്ക്കു 'ഗണപതി'യുടെ അകൃത്രിമമായ സൌന്ദര്യം തന്നെയാണ് എനിക്കുള്ള ലക്ഷ്യം. എന്നാൽ, സ്വഭാവോക്തിമുതലായ ചില നല്ല അലങ്കാരങ്ങൾ ഇനിയും ഇതിൽ വന്നു

പോയിട്ടുണ്ടെങ്കിൽ, അതിന്നു, കവിയുടെ വാസനാവൈഭവത്തെത്തന്നെ കുററപ്പെടുത്തേണ്ടതുമാണ്.

ഇതു 'ഗണപതി'യുടെ ആദ്യത്തെ ആവിർഭാവമല്ല; മുമ്പു കൌമുദിയിലൂടെ രണ്ടു ഭാഗമായി പ്രകാശിച്ചുകൊണ്ടിരുന്ന ആ ആനന്ദമൂർത്തി തന്നെയാണ് ഇപ്പോൾ പരിപൂർണ്ണമായ രൂപത്തിൽ ഇവിടെ പ്രത്യക്ഷമായിരിക്കുന്നത്. ഭക്തിയുള്ളവർ സേവിച്ചാൽ, ഈ 'ഗണപതി' ഇഷ്ടസിദ്ധിവരുത്തുകയും ചെയ്യും.

മറെറാരു സംഗതി നോക്കിയാലും, വള്ളത്തോൾ നാരായണമേനോൻെറ ഈ കൃതിക്കു, 'ഗണപതി' എന്ന പേർ വളരെ ഉചിതമായിട്ടുണ്ട്. അദ്ദേഹത്തിൻെറ വകയായി ഉടനെ പുറപ്പെടുവാനിരിക്കുന്ന "ചിത്രയോഗം" എന്ന മഹാകാവ്യത്തിന്നു ഇതു വാസ്തവത്തിൽ ഒരു 'ഗണപതി'കുറിച്ചതാണെന്നുകൂടി മഹാജനങ്ങളെ അറിയച്ചുകൊള്ളട്ടെ.

കോട്ടക്കൽ, ⎫
⎬ പി. വി. കൃഷ്ണവാരിയർ.
൧൦൮൯ തുലാം ൧൦-ാനു- ⎭

ശ്രീ

# ഗണപതി

ശീതളാചലകുമാരിയെപ്പുരാ
ചൂതബാണരിപു വേട്ട ശങ്കരൻ
ശ്വേതശൈലനിലയത്തിലംഗനോ-
പേതനായ് പ്രഭു മടങ്ങിയെത്തിനാൻ. 1

ബാലയാം പ്രിയയിൽ നാണമാം തിര-
ശ്ശീലകൊണ്ടു മറവാർന്ന കാമനെ
ലോലനായഥ വെളിപ്പെടുത്തുവാൻ
ലീലയാ തുനികയായ് മഹാനടൻ 2

നീരദാഭഗളനേകദാ, ഗുണോ-
ദാരയാമുമ കുളിച്ചിടുംവിധൌ,
ദ്വാരപാലനെയനാദരിച്ചു തൻ-
ദാരസത്മനി കടന്നുചെന്നുതേ. 3

മജ്ജനോചിതമനോജ്ഞവേഷയാ-
മജ്ജഗജ്ജനനി ഭർത്തൃദർശനാൽ,
സജ്ജമാർ സഖികൾ സംഭ്രമിക്കവേ
ലജ്ജ പൂണ്ടു വിലയിച്ചു തങ്കലേ 4

ശ്രീമഹാശിവപുരാണത്തിൽനിന്നു.

വെണ്ണതോൽക്കുമുടലിൽസ്സുഗന്ധിയാ-
മെണ്ണ തേച്ച്,രയിലൊററമുണ്ടുമായ്
തിണ്ണമേലരുളുമാനതാംഗിമു-
ക്കണ്ണനേകി മിഴികൾക്കൊരുത്സവം. 5

ആ വിഭൂഷണവിയുക്തഗാത്രിയാം
ദേവി നിസ്തുലനിസർഗ്ഗകാന്തിയെ
ത്തൂവി നിൽക്കുമഴകന്നു കണ്ടു ത-
ജ്ജീവിതേശനു കുളിർത്തു മാനസം. 6

അക്കടുംത്രപ പൊറാഞ്ഞു ചണ്ഡി ചെം-
തൃക്കടാക്ഷമുനയൊന്നലച്ചുടൻ
തക്കപോല, സമയത്തഗാരമുൾ-
ള്പുക്ക ദേവനെ വെളിയ്ക്കിറക്കിനാൾ. 7

കുന്നിൽമാതഥ മണാളനീ നില-
യ്ക്കിന്നിമേലസമയത്തൊരിയ്ക്കലും
വന്നിടായ്വതിനു വേണ്ട കൃത്യമെ-
ന്തെന്നിതോർത്തു നിജതോഴിമാരുമായ്. 8

“അന്തകാരിയുടെ ഭൃത്യരൊക്കെയും
ഹന്ത! നമ്മളുടെ തന്നെയെങ്കിലും
സ്വന്തമായൊരുവനിങ്ങു വേണ, മ-
ത്യന്തനിഷ്ഠയൊടു വാതിൽ കാക്കുവാൻ.” 9

പേൎത്തിതാളികളുരസ്സയാൽ, പ്രഭാ
പൂൎത്തി പൂണ്ടൊരു പുമാനെയക്ഷണം
തീൎത്തിതങ്ങു തിരുമെയ്യുഴക്കിനാ-
ലാൎത്തിനാശിനി ജഗൽസവിത്രിയാം. 10

പൎവ്വതോന്നതസുലക്ഷണാംഗകൻ,
പൎവ്വചന്ദ്രസുഭഗൻ, യുവാവവൻ
ദുൎവ്വഹാത്ഭുതകുതൂഹലങ്ങളാ-
ളുൎവ്വദാരസഖിമാൎക്കു നൽകിനാൻ. 11

ദേവി തന്നെയണിയിച്ച പൊന്മണി-
ത്തുവിഭൂഷണവരാംബരാദിയാൽ
ആ വിശിഷ്ടപുരുഷന്റെ മെയ്യിലെ-
ശ്രീവിലാസമൊരു നൂറിരട്ടിയായി. 12

അമ്മഹാഭുജനെയങ്കസീമ്നി ചേ-
ൎത്തമ്മ മൂൎദ്ധ്നി മുകൎന്നു മേൽക്കുമേൽ,
സമ്മദോൽപുളകഗാത്രിയായ് പ്പുണ-
ൎന്നുമ്മവെച്ചു ചിരമോമനിച്ചതേ. 13

കാരുണീമയി, മൃഡാനി പിന്നെയ-
പ്പൂരുഷപ്രവരനോടിതോതിനാൾ:—
“ചാരുരൂപ, മമ പുത്ര, നീയൊഴി-
ഞ്ഞാരുമില്ലിഹ മദാജ്ഞ കേൾക്കുവാൻ. 14

ധീരനായനിശമപ്രമത്തനായ്
ദ്വാരപാലനമിഹാചരിക്ക ഭമ;
സ്വൈരമെന്റെയനുവാദമാന്നിദം-
താരട്ടക്കിലുമകത്തു കേറൊലാ." 15

സാരമായ് ജ്ജനനി ചൊന്നതാനതാ-
കാരനായ്ത്തലയിലേററ പുത്രനെ
ദ്വാരപാലനവിധിക്കു നിർത്തിനാൾ,
ചൂരലൊന്നഥ കൊടുത്തു പാർവ്വതി. 16

കാരണാത്മിക കൊടുത്ത കാഞ്ചന-
ച്ചൂരൽമുദ്രയെ വഹിച്ചുകൊണ്ടവൻ
പാരമേശരമണീമണിഗൃഹ-
ദ്വാരസീമനി വിളങ്ങിനാൻ സദാ. 17

വന്നു തിങ്ങിയ കുതൂഹലേന, പി-
റേറന്നുമീശ്വരി കുളിക്കൊരുങ്ങവേ
ചെന്നു ധൂർജ്ജടി, തലേദ്ദിനം കുറ-
ഞ്ഞൊന്നു കണ്ട പുതുകാഴ്ച കാണുവാൻ. 18

വാരണാന്തകനകത്തു പൂകുവാൻ
പാരമുത്സുകത പൂണ്ടടുക്കവേ,
ആരിതെന്നു ധരിയാതെ, നൂതന-
ദ്വാരപാലകനവൻ വിലക്കിനാൻ. 19

ആ വിലാസപരനാം മഹേശനൊ-
ട്ടാവിലാശയത പൂണ്ടു ചൊല്ലിനാൻ:—
"നീ വിലക്കിടുവതാരെയാണെടോ!
ദേവിതൻപ്രിയതമൻ, പിനാകി ഞാൻ". 20

ഹാരവാക്യമിതു കേൾക്കുമാ പ്രതീ-
ഹാരവീരനപശങ്കമോതിനാൻ:—
"നേരവും നിലയുമോൎത്തിടാതുമാ-
ഗാരമെങ്ങിനെയണഞ്ഞിടും ശിവൻ? 21

അമ്മ സമ്പ്രതി കുളിക്കയാണു; തൽ-
സമ്മതത്തെ ലഭിയാതൊരിക്കലും
ഇമ്മണിഗൃഹമണഞ്ഞിടാവത-
ല്ലുമ്മഹേശ്വരനു,മെന്നു നിശ്ചയം. 22

നില്ലു, നില്ലു, നില വിട്ടിടായ്ക; ഞാൻ
ചൊല്ലുമുക്തി വകവെച്ചിടാതെ നീ
മല്ലു കാട്ടിയണയുന്നതാകിലെ,ൻ-
തല്ലു കൊണ്ടു തല വിണ്ടുപോം ദൃഢം." 23

ഗീരതത്ര ഗണിയാതുപാൎത്തധി-
ക്കാരനായ്ക്കയറുമാ വൃഷാങ്കനിൽ
സ്ഫാരരോഷ,മുമ താൻ കൊടുത്ത പൊൻ-
ചൂരലൊന്നഥ മയക്കിനാനവൻ. 24

---

൨൧. ഹാർവാക്യം=ഹരസംബന്ധിയായ വാക്യം. [ഹരന്റെ വാക്കു്]

പൊട്ടുമെല്ലണികൾ പൂണ്ടു മാറിൽനി-
ന്നൊട്ടു താഴെയടികൊണ്ടു പാട്ടമായ്
മട്ടു മാറിയ മഹേശനാസ്ഥലം
വിട്ടു പോന്നിതു വിചിത്രചേഷ്ടിതൻ. 25

ദൂരമെത്തി,യൊരിടത്തിരുന്നു, തൻ-
ഭൈരവാകൃതികളാം ഗണങ്ങളെ
ഗൌരശൈലപതി ചൊല്ലിവിട്ടിതാ
ദ്വാരപാലനെയകററിനിർത്തുവാൻ. 26

പാരിലേവനുമധൃഷ്യരാകുമാ
വാരിജായുധവിമാഥികിങ്കരർ
ഗൌരിതൻ തനുജനോടു, തൽഗൃഹ-
ദ്വാരി ചെന്നു ചിലതോതിനോക്കിനാർ. 27

ഒന്നുകൊണ്ടുമൊരിളക്കമെന്നിയേ
നിന്നു, തൻനിലയിലംബികാസുതൻ;
ചെന്നു, തച്ചരിതമാഗ്ഗണങ്ങൾ പൊൻ-
കുന്നുവില്ലനൊടുണർത്തിനാരുടൻ. 28

ഫാലനേത്രനരുളീ സരോഷ:-“മാ-
ബ്ബാലനെക്കിമപി നീക്കിനിർത്തുവാൻ
സ്ഥൂലദീർഘഭുജർ നിങ്ങൾ ശക്തരാ-
യീലയെന്നിവിടെ വന്നു ചൊൽകയോ? 29

അങ്ങു നിങ്ങളൊരു കുഞ്ഞിനോടു തോ-
ററിങ്ങു പോന്നു നിലവായതത്ഭുതം!
തെങ്ങു പോലുയരുമിയ്യുടൽക്കക-
ത്തെങ്ങുമെള്ളളവു നാണമില്ലയോ?” 30

ഈവക പ്രഭുവിനിന്ദനങ്ങൾ കേ-
ട്ടാവതോളമനുബദ്ധലജ്ജരായ്
ശൈലപാരിഷദർ ചെന്നു വീണ്ടുമാ-
ക്കാവലാളോടു കയർത്തു ചൊല്ലിനാൻ:— 31

“ആര,ഹമ്മതി മുഴുത്ത നീ? യിഹ
ദ്വാരപാലത ലഭിച്ചതെങ്ങിനെ?
ദൂരവേ സപദി പോക നല്ലു; ദു-
ർവ്വാരവീര്യര,രികീശപാർഷദർ 32

ദേവദേവഗണമാണു നിയ്യുമെ-
ന്നേവമോർത്തു ദയ ചെയ്തു ഞങ്ങളെ
സാവഹേളമിഹ ധിക്കരിപ്പതോ,
ജീവനാശമണയുന്നതിന്നു നീ! 33

പെട്ടുപോമപകടത്തിലീ, സ്ഥലം
വിട്ടു പോവതിനുതാമസിയ്ക്കിൽ നീ;
വെട്ടുപോത്തിനൊടു വേദമോത്തുമീ
മട്ടു ഞങ്ങളിനി മാററിവെയ്ക്കയായ്.” 34

ധൃഷ്ടനാത്തരുണനോതി:-"യെന്തിനി-
പ്പിഷ്ടപേഷമിതിൽ? ഞാനൊരിസ്സലും,
വിഷ്ടപേശപരിയനുജ്ഞനൽകിടാ-
ത്തഷ്ടമൂർത്തിയെയുമിങ്ങു കേററിടാ: 35

അത്ര കാവലിനു താൻ മൃഡാനിതൻ
പുത്രനായ് ജ്ജഗതി ജാതനായ ഞാൻ,
എത്ര ഭീഷണികൾ നിങ്ങൾ ചൊൽകിലും
വിത്രസിച്ചൊഴികയില്ല തെല്ലുമേ. 36

ക്രൂരർ നിങ്ങളതിർവിട്ടിനിച്ചലാൽ,
ക്കാരമത്ര തുടരുന്നതാകിലോ,
വീരപദ്ധതിയിലൂന്നിനില്പി,നെൻ-
ച്ചൂരലിൻചുണയറിഞ്ഞിടാം തദാ!" 37

എന്നു ചൊല്ലുമന്ജാതനുജനെ,-
ച്ചെന്നു പാഷദർ പിടിച്ചു തള്ളിനാർ;
നിന്നു, നിന്ന നിലയിൽശ്ശൂരിസ്സവൻ;
കുന്നു കാററടികളാൽക്കുലുങ്ങുമോ? 38

ശ്ശൂലിതൻഭടരവൻെറ ചൂരലാം
കോലിനാലടികൾ കൊണ്ടു മേനിയിൽ
തോലിരിഞ്ഞു, ചില ചൂടു വെച്ചു ക-
ന്നാലിതൻവടിവിലാർത്തു മണ്ടിനാർ. 39

“ഗൌരിതൻതനുജനാകിലെന്ത്? വൻ
ദ്വാരി നില്ക്കരുത്; കററുകെ”ന്നു താൻ
സൌരിസൂദനനയച്ച പാർഷദ-
ന്മാരിടച്ചിലൊടടുത്തു പിന്നെയും. 40

ഓതിനാരവർ:—“ശിശോ, വൃഥാവിലീ-
വാതിൽ കാത്തുയിർ കളഞ്ഞിടായ്ക നീ;
ഏതിനും പടുതയേന്തുമന്തകാ-
രാതിയാണരുൾവതോർമ്മ വെയ്ക്കണം!” 41

എന്നു കേട്ടവനു, മിണ്ടു വേണ്ടതെ-
ന്തെന്നു തെല്ലിടയിളക്കമേല്ക്കവേ
വന്നുരച്ചിതൊരു മാതൃദാസി മെ-
ല്ലെന്നു, ദേവിയുടെ പുത്രനോടിദം: 42

“കാര്യദക്ഷ, തനതാജ്ഞ കാപ്പതിൽ
സ്ഥൈര്യമിത്ര വെളിവാക്കുമങ്ങയെ
ഭൃത്യനുഗ്രഹസമിദ്ധനാക്കിയി-
ട്ടാര്യയേവമരുളുന്നു നന്ദിയാൽ: 43

“വത്സ്യ ഞാൻ മുദിതയായി! നിൻപ്രസൂ-
വത്സലത്വമിതുറച്ചു കാങ്കയാൽ;
ത്വത്സനാഥമധുനാ മമാലയം;
മത്സരിച്ചിവർ ബലേന കേറൊലാ. 44

൪൦ സൌരി-സൂരപുത്രൻ (യമൻ)

പ്രത്യനീകപരിപീഡമൂലമീ
സ്സത്യസുസ്ഥിരതകൈവിടായ്ക്ക നീ;
കൃത്യനിഷ്ഠ കുറയാതിരിപ്പതേ
നിത്യമംഗളനിദാനമേവനും." 45

പേശി, നമ്മവിരുതാളുമാളിമാർ
വാശി കേററിയ മഹേശിതൻമതം,
നാശിതവ്യഥമറിഞ്ഞു ഹർഷവാ-
രാശിയിൽ "ത്തിരകളിച്ചു" ബാലകൻ. 46

കച്ച കെട്ടിയരയും മുറുക്കി, വ-
മ്പിച്ച കാലുകളുഴിഞ്ഞു കൈകളാൽ
ഉൾച്ചലിപ്പൊഴിയെ നിന്നു ചോടുറ-
പ്പിച്ചവൻ പ്രമഥരോടു ചൊല്ലിനാൻ:- 47

"കണ്ടുകൊൾക, ഹരഭൃത്യർ നിങ്ങളു;ൾ-
ക്കൊണ്ടു ദേവി നിയമിച്ചൊരാളിവൻ;
രണ്ടു കക്ഷികളുമൊന്നുപോലെ;യെ-
ന്തുണ്ടു ഭേദ?—മധികാരവും സമം. 48

നിങ്ങളീശനിലയാഗ്രപാലർ; ഞാ-
നിങ്ങമ്പയുടെ വാതിൽ കാക്കുവോൻ;
മങ്ങൽ വിട്ടു വിഭുശാസനസ്ഥരായ്-
ത്തങ്ങൾതൻ മുറയെ നാം നടത്തണം. 49

ഇസ്ഥിതിക്കീ,ഹ കരേറി നിങ്ങളീ-
ദൃംസ്ഥിതിക്കു തുനിയുന്നതെന്തുവാൻ?
അസ്ഥിഭൂഷഭടരെബ് ഭയപ്പെട്ട-
ന്നസ്ഥിരപ്രകൃതി ബാലനല്ല ഞാൻ. 50

ഈ വിരുദ്ധവഴിയായി നിങ്ങളെൻ-
ദേവിതൻ ഗൃഹമണഞ്ഞിടാദ്ദൃഢം;
ജീവിതസ്പൃഹയിരിക്കിൽ, വിട്ടുപോയ്-
ക്കൊൾവിനൊ;-ന്നുമിനിയോതുകില്ല ഞാൻ!"

ഭൃത്യപത്രപയൊടാനതാസ്യരായ്- (51
സ്സൗര്യജാരിഭടർ പോന്നു വീണ്ടുമേ
ശൌര്യമുള്ള ഗിരിജാത്മജൻെറയാ-
സ്ഥൈര്യമീശനെ നമിച്ചണഞ്ഞിനാർ. 52

ശ്രീതുഷാരകരമൌലി ചൊല്ലിനാ-
നേ:-"തുമില്ലവനു ക്കുസലെന്നതോ?
പോർ തുടർന്നിടുവിനെങ്കിലങ്ങു ചെ
ന്നേ;-തുമട്ടിലുമൊഴിക്ക വയ്യിനി- 53

ഉണ്ണിയാണു മലമാതിനെന്നതേ
നണ്ണിനാമവനിലൊന്നടങ്ങിയാൽ,
പെണ്ണിനുള്ളൊരു കളിക്കരങ്ങനെ-
ന്നെണ്ണിടും നിയതമെന്നെയാളുകൾ. 54

പ്രാണനാഥനിലുമിത്രവാശികാ-
ട്ടേണമെന്നു നിരൂപിച്ചതിൻ ഫലം
നാണമോടനുഭവിച്ചിടട്ടെ,യ-
ക്ഷീണഗർവ്വെഴുമഗേന്ദ്രനന്ദിനി!’’ 55

എന്നു ഭർത്തൃമൊഴി കേട്ടു, കൈത്തരി-
പ്പൊന്നു തീർപ്പതിനിടം കിടയ്ക്കയാൽ
ഒന്നുപോലുദിതഹർഷരേവരും
ചെന്നുമാത്മജനൊടേറ്റു പോരിനായ്. 56

ദന്തകുഡ്മളമരീചികൈതവാ-
ലന്തരുല്ലസിതസത്വലക്ഷ്മിയെ
ചന്തമോടു വെളിവാക്കിയായുവാ-
വന്തകാരിഭടരോടിതോതിനാൻ:- 57

‘‘വേഗ,മെന്നെ,യൊരു ബാലനെന്നനു-
ദ്യോഗരായി വെടിയാതെ, കൌതുകാൽ
ഹാ, ഗണാഗ്ര്യരടരിന്നണഞ്ഞതിൽ
സ്വാഗതം സരസമോതിടുന്നു ഞാൻ! 58

ധാരിതാസ്ത്രകലനല്ല, പൈതൽ ഞാൻ
പോരിനിന്നു പുതുതായ് ത്തുടങ്ങുവോൻ;
ഭൂരിശസ്ത്രബലരായ നിങ്ങളോ
പേരിയന്ന പടയാളിമൌലികൾ. 59

എങ്കിലും, ഹിതമിതോതുവൻ: ഭയാ-
ശങ്കിയല്ലി വലുതായ സൌഹൃദം?
വങ്കിടയ്ക്കുടവു,ദാരർ നിങ്ങളിൽ-
ത്തങ്കിടാത്ത പടി പോർ നടത്തുവിൻ. 60

സന്നതാഖിലസുരാസുരേന്ദ്രയാ-
കുന്ന മജ്ജനനിതൻ മണാളനെ
ഇന്നശേഷഭടഹീനനാക്കിഞാ-
നെന്ന തെററിവനു കൈവരുത്തൊലാ!” 61

ഏവമോതിയ ശിവാതനൂജനും
ദേവപാരിഷദരും പരസ്പരം
സാവലേപമഥ കൈതുടന്നുതേ,
ജീവലോകഭയദായകം രണം 62

“പോരിതത്ര വലുതാണു കാണുവാൻ
പോരികെ”ന്നു ദിവിഷജ്ജനങ്ങളെ
പൂരിതാംബരമിളക്കിവിട്ടിതാ-
ബ്ഭേരിശംഖമുരജാദി നിസ്വനം. 63

വട്ടമിട്ട പരിപന്ഥിയെച്ചുഴ-
ന്നട്ടഹാസമുഖരീകൃതാശരായ്
പട്ടണം, പരശു വാളു,ലസ്സു, വേൽ
തൊട്ട ശസ്ത്രനിര തൂകി പാർഷദർ. 64

വെട്ടതില്ലുടലിലായുധോൽക്കരം
തൊട്ടു പാടു, മഗജാത്മജന്നഹോ:
തിട്ടമമ്മയുടെ തൃക്കടാക്ഷമാം
ചട്ടയിട്ടുവന്നു വജ്രവും തുണം! 65

ദ്വാരപാലതരുണന്റെ പൊന്നണി-
ച്ചൂരൽ ഭസ്മസിതശൈവസേനയിൽ
സ്വൈരലീലയൊടു ചിന്നി മിന്നിതേ:
ശാരദാഭ്രഭുവി കൊള്ളിമീൻപടി. 66

ഭൂരിശക്തിമയഗാത്രയഷ്ടിയാം
ഗൌരി നൽകിയൊരു വേത്രയഷ്ടിയാൽ
പാരിൽ വീഴ്ത്തിയവനായുധച്ഛടാ-
മാരി തൂകിന മഹാഗണങ്ങളെ. 67

നാക്കു തൂങ്ങി, നടു കൂന്നു, ചൂരലിൻ-
വീക്കു കൊണ്ടു തുറുകൺ മിഴിച്ചഹോ
മൂക്കു പോയ് ദ്വിഗുണവൈകൃതാംഗരായ്
പോക്കു മുട്ടി വിഷമാക്ഷകിങ്കരർ. 68

വീരനാമഗസുതാത്മജന്റെ പൊൻ-
ചൂരലേറ്റുടൽ മുറിഞ്ഞു, മേല്ക്കുമേൽ
ചോര വാർന്ന ശിവസേന, പൂത്തുനി-
ല്പോരശോകവനികയ്ക്കു തുല്യമായ്. 69

ശൈലജാവിഷയരോഷരക്തയായ്,-
ശ്ശൂലഭൃജ്ജടയിൽനിന്നു ജാഹ്നവി
ലോലയായി വെളിയിൽപ്പതിച്ച പോ-
ലാലസിച്ചൊഴുകി ചോരയാറുടൻ. 70

മന്ദിതപ്രസരമായ് രണേ പരാ-
സ്തന്ദി ശൈവബലമൊക്കെയുംക്ഷണാൽ,
നന്ദിയും തനതു നാഥനിൽപ്പെട്ടം
നന്ദി കാട്ടുവതിനന്നശക്തനായ്. 71

ക്ഷീണരായ്ച്ചിലർ കിടന്നുഴന്നു; നി-
ഷ്പ്രാണരായ്ബ് ഭുവി പതിച്ചു തെല്ലുപേർ;
നാണമററു ചിലർ പാഞ്ഞൊഴിഞ്ഞു വൃ-
ബാണവൈരിപദമാശ്രയിച്ചുതേ. 72

ചൂരലിന്നുപരി ശൈവയോധർതൻ-
ചോര പററിയതിടത്തു കയ്യിനാൽ
വീരകേസരി തുടച്ചു നീക്കിയാ-
ഘോരസീമ്നി നിലവായ് ശിവാസുതൻ. 73

തൽക്ഷണം, ഹരി, വിരിഞ്ചി, ഭൂമിഭൃൽ—
പക്ഷഭേദി മുതലായ ദേവകൾ
ത്ര്യക്ഷസന്നിധിയണഞ്ഞു നമ്രാ—
യക്ഷതാദരമിതൊന്നുണർത്തിനാർ:— 74

“സ്വൈരമാർഗ്ഗമെയരുൾകിങ്ങു പാർവ്വതീ—
ദാര, ദേവ, തവ ദാസർ ഞങ്ങളിൽ,
ആരറിഞ്ഞിടു?—മിതെന്തു ലീലയാ—
ണാരചിച്ചു,ഉരുലീലനാം ഭവാൻ!” 75

നീരജാസനനൊടിന്ദുചൂഡന—
ന്നേരമേവമരുൾചെയ്തു സസ്മിതം:—
“ദ്വാരപാലനൊരു ബാലനുണ്ടുമാ—
ഗാരസീമ്നി മരുവുന്നു ധൃഷ്ടനായ്. 76

ഗേഹവേശനനിരോധിയാമവൻ
സാഹസപ്രിയനഖണ്ഡവിക്രമൻ
ആഹവത്തിലെതിരിട്ട മത്ഭട—
വ്യൂഹമുഖ്യരെ വിഭഗ്നരാക്കിനാൻ. 77

സുപ്രശാന്തമതിയാകുമങ്ങു താൻ
ക്ഷിപ്രമാ സ്ഥലമണിഞ്ഞു, നീതിയാൽ,
അപ്രമേയബലനാമവന്നു തെ—
ല്ലുൾപ്രസാദമുളവാക്കിടേണമേ!” 78

എന്ന,നംഗമഥനന്റെ മഞ്ജുവാ—
കുന്ന വാക്കു നിശമിച്ചു പത്മജൻ
ചെന്നണഞ്ഞിതു മഹർഷിമാരുമൊ—
ത്തന്നഗേന്ദ്രതനയാഗൃഹാന്തികേ. 79

മുമ്പിലെത്തിയ പിതാമഹന്റെ വെൺ—
കമ്പി പോലെ നെടുതായ താടിയെ
വെമ്പിയേറ്റു പിടികൂടിനാൻ ബലാൽ
വമ്പിയന്ന ഗിരിജാകുമാരകൻ. ൪൦

“അരുത, രുത, നുകമ്പ്യനന്തണൻ, ഞാൻ
പൊരുവതിനല്ല, ശമത്തിനായണഞ്ഞോൻ;
പരുഷത കരുതാസ്സിവങ്കലെ”ന്നായ്—
ത്തരുതരെ നാന്മുഖനാർത്തുകേണു പറഞ്ഞു. ൪൧

അകമെരിയുമജന്റെ പിമ്പു ഭീതി—
ത്തികവൊടു പറഞ്ഞു, ഹരാദ്രിധാതുഭൂവിൽ
വികലഗതി കമിഴ്ന്നുവീണ വൃദ്ധ—
ർഷികളുടെ താടികൾ ചായമിട്ട പോലായ! ൪൨

അജനിലുമനയം തുടർന്നു ദേവ്യാ-
ത്മജനെ വധിപ്പതിന്നി, ധുരോഷനീശൻ
നിജഗണനിയുതങ്ങളോടുകൂടേ
സജവമയച്ചു സുരവ്രജത്തെയെല്ലാം. ൪൩

ഭൂതപ്രേതപിശാചദേവപൃതന-
യെല്ലാം പുരോഗാമിയായ്
സ്ഫീതശ്രീമധുമാഥി ചെല്ലുവതു ക-
ണ്ടൊന്നോതി ദേവീസുതൻ:—

“മാൽ തങ്കേണ്ട; നിനക്കു തെല്ലുവകയും-
യെൻചൂരലേ! വൻചമൂ-
വ്രാതം ചൂഴെ വരുന്നതുണ്ടു, സുമഹാ-
വിക്രാന്തി ചക്രായുധൻ.” 84

ഏററം വീറൊടു, വിഷ്ണുവിൻ പിറകിലായ്-
ദ്ദേവാദിസൈന്യങ്ങൾ ചെ-
ന്നേററദ്രീന്ദ്രകുമാരികാതനയനിൽ-
ത്തൂകുന്ന ശസ്ത്രോൽക്കരം,
ചീററം ചേർന്നിട്ടുമാററസംഭ്രമമവൻ
വീശുന്ന വൻചൂരലിൻ-
കാററങ്ങേററു പറന്നുപോയ്, കരിയില-
ക്കൂട്ടം കണക്കഞ്ജസാ. 85

അററംപെടാതെ,യതിഘോരമിരമ്പി,യെണ്ണ-
മററസ്ത്രവീചികളുമേന്തിടുമബ്ബലത്തെ
ചെററല്ല നീളെയുമിളക്കിമറിച്ചു ബാല-
നൊററയ്ക്കു വാരിധിയെ മന്ദരമെന്നപോലെ. 86

ലോകാംബ തൽക്ഷണ,മസംഖ്യരിപുക്കൾ ചൂഴ-
മേകാകിയാം നിജസുതന്നടരിൽത്തുണപ്പാൻ
ഏകാന്തരോഷവശയായ് വിരചിച്ചയച്ചാ-
ളാക്രൂരഭീഷണകളാമിരുദേവിമാരെ. 87

കന്നൽക്കാർ താൻ, കരാളോന്നതതനുരുചിയാ-
ലൊന്നു, മറേറതു ശൃംഗം
മിന്നൽച്ചാർത്തി, വിധത്തിൽബ് ഭുജപരിഘശതോ
ദ്രികതമാസ്ത്രകതിയുഗ്മം,
സന്നദ്ധാശേഷദേവപ്രമഥപൃതനയാം
പന്നഗൌഘത്തിനേരെ-
സ്സന്നത്വം ചേരുമാറാത്തലറിയടർനില-
ത്തിന്നു മദ്ധ്യേ വിളങ്ങീ. 88
ഭൃതാമർത്ത്യപ്രവീരപ്പരിഷകളുഗജാ-
മന്ദിരദ്വാരദേശ-
ത്ത്രാതാവിൻനേക്ക് താരധ്വനിമുഖരമയ-
സ്സൂന്ന ശസ്ത്രങ്ങളെല്ലാം
പാതാളം തോററ വായ് കൊണ്ടുടനുടനെ വിഴ-
ങ്ങീട്ടമാസ്ത്രകതികൾക്ക-
ഞ്ചാതാ, ദൈത്യാരിതൻ ചക്രവുമടർനടുവിൽ-
പ്പപ്പടപ്രായമായീ! 89
നാനാശസ്ത്രങ്ങൾ തീന്നോരളവ, മരഗണ-
ശ്രേണിയെത്തന്നെ ഭക്ഷി-
പ്പാനായ് വായും പിളർത്തിബ് ഭയദവടിവിലാ-
ദ്ദേവിമാർ കൈതുടർന്നു;
ദീനാക്രന്ദങ്ങൾ പൊങ്ങീ പടയിലൃ,ഷിജന-
ത്തിൻെറ ഹാഹാരവത്താൽ
വാനാകെത്താൻ മുഴങ്ങീ, പ്രളയമണകയാ-
യെന്നു ലോകം നടുങ്ങീ. 90

തീരെപ്പേടിച്ചരണ്ടച്യുതവലമഥനാ—
ദ്യഗ്ര്യഗീർവ്വാണർപോലും
പാരെങ്ങും പാഞ്ഞു ഭൂതപ്പടയൊടുമിടചേ—
ന്നാത്തുഴന്നീടുമപ്പോൾ,
നേരെത്താക്രോധമേന്തീടിന പുരരിപുതാൻ
തന്നെയാക്കാന്ദിശീക—
ന്മാരെപ്പാടേ വിലക്കി,പ്പിറകിലവരുമായ്—
ത്തത്ര പോരിന്നണഞ്ഞു. 91
അന്നേരം പോയ് മറഞ്ഞീടിന സഹജകളാം
ദേവിമാർതൻ ബലം കൈ—
വന്നേറെശ്ശക്തനായ്ത്തീർന്നൊരു ശിവദയിതാ—
മന്ദിരദ്വാരപാലൻ
ചെന്നേൽക്കും ദേവഭൂതപ്പടകളുഴലുമാ—
റാ നെടുംചൂരൽ മിന്നി—
ച്ചെന്നേ, ഭൂകാന്തനാകും വിധുവിനരുളിനാൻ
ഭൂസമാശ്ലേഷസൌഖ്യം! 92
ബോധം കൈക്കൊണ്ടെഴുന്നേററുടനെയെതിരിടും
വിഷ്ണുവോടൊത്തു വീണ്ടും,
വൈധവ്യം പൂമകൾക്കേല്പതിനിടവരുമാ—
റങ്കമാടുന്ന ലാക്കിൽ,
ഹാ, ധന്യശ്രീമഹേശീതനയനുടെ ശിര—
സ്സുഗ്രശൂലായുധത്താൽ
ക്രോധക്രൂരൻ മുറിച്ചിട്ടിതു, ശമനരിപു—
സ്വാമിതാൻ സാഹസത്താൽ! 93

ആകമ്രൌജസ്സുടയ ദയിതാ—
പുത്രനെക്കൊന്നുവീഴ്ത്തി—
ശ്ലോകസ്ഫൂത്തിഗ്ലപിതമുഖനായ്
നിന്നിതീശൻ മുഹൂൎത്തം;
ആകല്പാടേ ഭുവന,മതുനേ—
രത്തു നിശ്ശേഷചേഷ്ടാ—
വൈകല്യത്താൽ പടവിലിഖിത—
പ്രായമായിച്ചമഞ്ഞു. 94

സൂനവ്യാപാദകോപം തടവിന ശിവതൻ
മെയ്യിൽനിന്നക്ഷണം താൻ
ഭാനുശ്രീശക്തിസാഹസ്രകമലകവൃതി—
സ്സായ്പ്പുറപ്പെട്ടു വീണ്ടും
വാനും മന്നും നിറഞ്ഞുൽക്കടമിളകിടവേ,
നിൎജ്ജരഷീന്ദ്രർ ഭക്തി—
ത്തേനൂൎന്നേരും സ്തവത്താലൊരുവിധമഹിഭൃൽ-
ക്കാന്തയെശ്ശാന്തയാക്കി. 95

"എന്നാലെന്നുണ്ണി ജീവിച്ചി,വനഖിലഗണാ—
ദ്ധ്യക്ഷനായ്പ്പൂജ്യനായും
വന്നാല,ല്ലാതെ, പാരിന്നഴലിതൊഴികയി—
ല്ലാ;-യതിന്നായ് ശ്രമിപ്പിൻ!"
എന്നാൎയ്യാദേവി കല്പിച്ചതു കരൾ കുളിരെ—
ക്കേട്ട ദേവഷിവൃന്ദം
ചെന്നാരാൽത്താണുണൎത്തിച്ചളവ,തിനുപദേ—
ശിച്ചു മാൎഗ്ഗം മഹേശൻ. 96

ദേവൻ കല്പിച്ചവണ്ണം, സുരമുനികൾ വട—
        ക്കോട്ടു പോയിട്ടു മുൻകാ—
ണായ് വന്നോരേകദന്തദ്വിപമണിയെ വധി—
        ച്ചാ,യതിന്നുത്തമാങ്ഗം
വൈവർണ്ണ്യാപേതമെത്തിച്ചു,ഗദ്ഗഹിതൃകുമാ—
        രന്റെ മെയ്യോടിണക്കി—
ശ്ശൈവശ്രീമന്ത്രശുദ്ധോദകമുപരി തളി—
        ച്ചീടിനാത്രൂഢഹർഷം. 97
ക്ഷണത്താൽ, പ്രാണൻപൂണ്ടതനുരുചി,
        ഗൌരീതനുജന—
ങ്ങുണർന്നേല്ക്കുംപോലേ, സസുഖമെഴ—
        ന്നേററു ഗജമുഖൻ;
ഇണങ്ങി ദിക്കെങ്ങും തെളിവു;മര—
        വിദ്യാധരവധൂ—
ഗണം പാട്ടും കൂത്തും മുഹുരപി മു—
        തിർത്തു മുദിതമായ്. 98
വൈരം വിട്ടു,യിരാന്റ പുത്രനെ മുദാ
        ലാളിച്ചിട്ടും ദേവിതൻ
ചാരത്തെത്തു സുരർഷിമുഖ്യർ കനിയി—
        ച്ചെത്തിച്ച കാമാന്തകൻ
നീരന്ധ്രാദരനാം മകന്റെ തലയിൽ-
        സ്സാനുഗ്രഹം തൃക്കര-
ത്താരർപ്പിച്ചു, ഗണേശനാക്കിയഭിഷേ-
        ചിച്ചാനതുല്യോത്സവം. 99

സമരശിരസി ശ്രീമദ്ദേവീസു-
തൻ പ്രമഥിച്ചോരാ
പ്രമഥരുമുടൻ മററും നിദ്രാവി-
മുക്തർ കണക്കിന്നേ,
അമരമുനിമാർ വാഴ്ത്തും മൃത്യുഞ്ജ-
യൻെറ കടാക്ഷമാ-
മമലസുധയാലുജ്ജീവിച്ചേററു-
യർത്തി മഹോത്സവം. 100

ദേവന്മാർക്കും ഗണൌഘത്തിനുമിയലിന ദോ-
ർവ്വീര്യദർപ്പം കെടുപ്പാ-
നീവണ്ണം ലീലയോടന്നാടിയ ഭഗവതിതൻ
പൈതൽ, വേതണ്ഡവക്ത്രൻ,
"ഏവർക്കും പൂർവ്വപൂജ്യൻ ജഗതി ഗണപതേ,
വിഘ്നരാജൻ ഭവാനെ"—
ന്നേവം ബ്രഹ്മാദ്യരേകും വരവുമഥ വണ-
ക്കത്തിൽ വാങ്ങിജ്ജയിപ്പൂ! 101

M
B 23
MUL
037834